ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി അനുസരിച്ച് പണികൾ ചെയ്യുന്നതാണ്.

(സി) ഒരു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) 110

പഴയകുന്നുമേൽ പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസ്

803 [971] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പഴയകുന്നുമേൽ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡിന്റെ മെയിൻറനൻസിനുവേണ്ടി എന്തു തുക നീക്കിവെച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ പണി നടത്താനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി അനുസരിച്ച് പുനരുദ്ധാരണ പണികൾ കഴിവതും വേഗം ചെയ്യുന്നതാണ്.

(സി) ഒരു ലക്ഷം രൂപ.

(ഡി) 24

പുളിമാത്ത് പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസ്

804 [972] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly